## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3800 — 23/08/2017-ൽ മറുപടിക്ക്

# വൈദ്യുതി ലൈനുകളിൽ നിന്നും അപകടത്തിൽപ്പെട്ടുള്ള മരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ സർക്കാർ കാലയളവിൽ വൈദ്യുതി ലൈനുകളിൽ നിന്നും വൈദ്യുതാഘാതമേറ്റും വീടുകളിൽ വച്ച് വൈദ്യുതാഘാതമേറ്റും എത്ര പേർ അപകടത്തിൽപ്പെട്ടു എന്നും മരണപ്പെട്ടുവെന്നും വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാർ കാലയളവിൽ വൈദ്യുതി അപകടം സംഭവിച്ച പൊതുജനങ്ങൾ ' സ്ഥിരം ജീവനക്കാർ കരാർ തൊഴിലാളികൾ എന്നിവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

**i. പൊതുജനങ്ങൾ**

| | |
|---|---|
| **1. മാരകമായ അപകടം** | **848** |
| (A)ബോർഡിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നും | 344 |
| (B)ഉപഭോക്താവിന്റഉപകരണങ്ങളിൽ നിന്നും അനധികൃത പ്രവൃത്തികൊണ്ട് സംഭവിച്ച അപകടങ്ങൾ | 504 |
| **ആകെ** | **848** |
| **ii)മാരകമല്ലാത്ത അപകടങ്ങൾ** | **285** |
| (A) ബോർഡിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നും | 254 |
| (B) ഉപഭോക്താവിന്റെ ഉപകരണത്തിൽ നിന്നും അനധികൃത പ്രവൃത്തി കൊണ്ട് സംഭവിച്ച അപകടങ്ങൾ | 31 |
| **ആകെ** | **285** |

**2. സ്ഥിരം ജീവനക്കാർ (കെ. എസ്. ഇ.ബി.എൽ)**

| | |
|---|---|
| മാരകമായ അപകടം | 57 |
| | |

<table>
<tr><td></td><td></td><td></td><td><table><tr><td>മാരകമല്ലാത്ത അപകടം</td><td>545</td></tr></table>3. കരാർ തൊഴിലാളികൾ<table><tr><td>മാരകമായ അപകടം</td><td>71</td></tr><tr><td>മാരകമല്ലാത്ത അപകടം</td><td>174</td></tr></table></td></tr>
<tr><td>(ബി)</td><td>ഇവരിൽ എത്ര പേർക്ക് / ആശ്രിതർക്ക് കഴിഞ്ഞ സർക്കാർ "സർക്കാർ സഹായം," "ബോർഡിന്റെ കീഴിൽ തൊഴിൽ" എന്നിവ നൽകി എന്നും വ്യക്തമാക്കുമോ;</td><td>(ബി)</td><td>വൈദ്യുതാഘാതമേറ്റുള്ള മരണം സംഭവിച്ചിട്ടുള്ള ജീവനക്കാരുടെ ആശ്രിതരായ 38 പേർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നിയമനം നൽകിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൈദ്യുതാഘാതമേറ്റ് അപകടങ്ങൾക്കിരയായവരുടെ കണക്ക് ലഭ്യമാക്കുമോ; അവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകി എന്നും എത്ര പേർക്ക് തൊഴിൽ നൽകി എന്നും വ്യക്തമാക്കുമോ;</td><td rowspan="2">(സി)<br>&<br>(ഡി)</td><td rowspan="2">ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പൊതുജനങ്ങൾ, സ്ഥിരം ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർക്കുണ്ടായ അപകടത്തിന്റെയും അനുവദിക്കുന്ന ധനസഹായത്തിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പൊതുജനങ്ങൾ<table><tr><td>മാരകമായ അപകടം</td><td>151</td></tr><tr><td>(A) ബോർഡിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നും</td><td>59</td></tr><tr><td>(B) ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും അനധികൃത പ്രവൃത്തികൊണ്ട് സംഭവിച്ച അപകടങ്ങൾ</td><td>92</td></tr><tr><td>ആകെ</td><td>151</td></tr></table>അശ്രദ്ധ, സൂക്ഷമതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകൾ എടുക്കുന്നതിൽ വിമുഖത കാണിക്കുക എന്നീ കാരണങ്ങളാൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 1 ലക്ഷം രൂപയും കെ.എസ്.ഇ.ബി.എല്ലിന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾ മൂലവും പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്നും വൈദ്യുതാഘാതമേക്കുന്നതു മൂലവും മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപയും വ്യവസ്ഥകൾക്കു വിധേയമായി ആശ്വാസ ധനസഹാ</td></tr>
<tr><td>(ഡി)</td><td>ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര പേർ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടു; മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നൽകി; എത്ര ആശ്രിതർക്ക് തൊഴിൽ നൽകി എന്നും വ്യക്തമാക്കുമോ?</td></tr>
</table>

യമായി അനുവദിച്ച് നൽകി വരുന്നു.

**2. സ്ഥിരം ജീവനക്കാർ**

| | |
|---|---|
| **(A)** മാരകമായ അപകടങ്ങൾ | 6 |
| **(B)** മാരകമല്ലാത്ത അപകടങ്ങൾ | 68 |

ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന ജീവനക്കാരുടെ അനന്തരാവകാശികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുശാസിക്കുന്ന വിധത്തിലുള്ള നഷ്ടപരിഹാരം ശവസംസ്കാര ചെലവ് എന്നിവ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നൽകി വരുന്നു. കൂടാതെ, മരണമടയുന്ന ജീവനക്കാരുടെ അനന്തരാവകാശികൾക്ക് കെ.എസ്.ഇ.ബി തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപയും സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാർക്ക് 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും മാനദണ്ഡങ്ങൾക്കു വിധേയമായി ലഭിക്കുന്നുണ്ട്. കൂടാതെ, വ്യവസ്ഥകൾക്കു വിധേയമായി ആശ്രിത നിയമനത്തിനും മറ്റു സർവ്വീസ് ആനുകൂല്യത്തിനും അർഹതയുണ്ട്. നിയമപരമായി നൽകേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾക്ക് പുറമേ, വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞവരുടെ ആശ്രിതരായ 12 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

ജോലിക്കിടയിൽ മാരകമല്ലാത്ത അപകടം സംഭവിക്കുന്ന ജീവനക്കാർക്ക് 1923-ലെ തൊഴിലാളി നഷ്ട പരിഹാര നിയമം അനുശാസിക്കുന്ന വിധത്തിലുള്ള നഷ്ടപരിഹാരത്തിനും, പ്രത്യേക അവശതാ അവധിയ്ക്കും മുഴുവൻ ചികിത്സാ ചെലവും ലഭിക്കുന്നതിനും അർഹതയുണ്ട്.

**3. കരാർ തൊഴിലാളികൾ**

| | |
|---|---|
| **(A)** മാരകമായ അപകടം | 8 |
| **(B)** മാരകമല്ലാത്ത അപകടം | 14 |

(..4)

| | | | |
|---|---|---|---|
| | | | ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ അനന്തരാവകാശികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുശാസിക്കുന്ന വിധത്തിലുള്ള നഷ്ട പരിഹാരം, ശവസംസ്കാര ചെലവ് എന്നിവ വ്യവസ്ഥകൾക്കു വിധേയമായി അനുവദിച്ച് നൽകി വരുന്നു.<br>ജോലിക്കിടയിൽ മാരകമല്ലാത്ത അപകടം സംഭവിക്കുന്ന തൊഴിലാളികൾക്കും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം ബാധകമാണ്. എന്നാൽ മരണമടയുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നിലവിലുള്ള നിയമ പ്രകാരം ആശ്രിത നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ